ഓരോ അപകടം സംഭവിക്കുമ്പോഴും അവയുടെ യഥാർത്ഥകാരണം കണ്ടെത്തി വിശദമായി അവലോകനം ചെയ്യുകയും ഭാവിയിൽ ഇത്തരം അപകടങ്ങളുണ്ടാകാതിരിക്കുന്നതിന് വേണ്ടുന്ന മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യുവരുന്നു. കൂടാതെ ഓരോ ഉപകരണങ്ങളുടെയും നിർമ്മാതാക്കൾ അനുശാസിക്കുന്നരീതിയിലുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുവരുന്നു. ഉപകരണങ്ങളുടെ പരിശോധനകൾക്കുവേണ്ടി മാത്രമായി മൂലമറ്റത്ത് പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ മോണിറ്ററിംഗ് ഡിവിഷന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാലപ്പഴക്കംചെന്ന ഉപകരണങ്ങൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്ന ജോലികളും നടന്നുവരുന്നു.

വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പദ്ധതികൾ

36 (4618) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പുതുതായി എത്തെല്ലാം പദ്ധതികൾ കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിയെന്ന് വിവരിക്കാമോ ; ഇതിനായി ഓരോവർഷവും നീക്കിവച്ച തുകയെത്രയെന്നും അതിലുണ്ടായ ചെലവെത്രയെന്നും വിവരിക്കാമോ ?

ഉത്തരം

റാന്നി-പെരിനാട് (4MW) പീച്ചി (1.25 MW), വിലങ്ങാട് (7.5 MW), ചിമ്മിണി (2.5 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ശബരിഗിരി പദ്ധതിയിലെ നാലാമത്തെ യൂണിറ്റിന്റെ പുനർനിർമ്മാണം പൂർത്തിയാക്കി 5 MW കൂടുതൽ ഉല്പാദശേഷി കൈവരിച്ചു. പൊരിങ്ങൽകുത്ത് പദ്ധതിയിലെ നാലുയൂണിറ്റുകളുടെയും നവീകരണം പൂർത്തിയാക്കി മൊത്തം 4 MW അധിക ഉല്പാദനശേഷി കൈവരിച്ചു. ആഢ്യൻപാറ പദ്ധതി (3.5 MW) പൂർത്തിയായി. 8 കോടി രൂപ ചെലവിൽ കണ്ണിരക്കോട് 220 KV Substation പരിസരത്ത് സ്ഥാപിക്കുന്ന 1 MW ശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി 2015 ജൂലൈ മാസത്തിൽ പൂർത്തീകരിക്കുന്നതാണ്. പാലക്കാട് അഗളി-ചാലയൂർ ടൈബൽ കോളനിയിൽ 96KW ശേഷിയുള്ള 110 ലക്ഷം രൂപയുടെ സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ആറു മാസത്തിനുള്ളിൽ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കും. തൃശ്ശൂർ ജില്ലയിലെ പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ പവർഹൗസിന് മേൽക്കൂരയ്ക്ക് മുകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 50 KW ന്റെ 60 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതി ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കും. പാലക്കാട് ജില്ലയിലെ 15 കോളനികൾ 531.83 ലക്ഷം രൂപ ചെലവിൽ 131.5 കി.വാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി RGGVY പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ അഞ്ചു കോളനികളിലേയുള്ള പദ്ധതി നിർവ്വഹണം ഡിസംബർ 2015 - ഓടു കൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഉല്പാദന മേഖലയിലെ വിവിധ പദ്ധതികൾക്കായി നീക്കി വച്ച തുക :

വർഷം	നീക്കിവച്ചത് (രൂപ കോടിയിൽ)	ചെലവഴിച്ചത് (രൂപ കോടിയിൽ)
2011-12	383.7	160
2012-13	274.3	256.7
2013-14	256.5	230
2014-15	338.9	258
2015-16	385.6	35.8 (ജൂൺ വരെ)

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്നുള്ള പദ്ധതി

37 (4619) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സെക്കി) സംസ്ഥാന ഏജൻസിയുമായിച്ചേർന്നുള്ള സംയുക്ത സംരംഭത്തിൽ പങ്കാളിത്തം വഹിക്കേണ്ട ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly